# PUBLIC RELATIONS OFFICE (PRO)

Catholic Diocese of Mananthavady

Dwaraka, Nalloornadu P.O,
Wayanad - 670645
Tele Fax: 04935 240066 Mob: 9446030066;
Email: prodiocese@gmail.com

November 27, 2012

പത്രക്കുറിപ്പ്

## ജനങ്ങളുടെ സുരക്ഷക്കാവശ്യമായ കർമ്മപദ്ധതികൾ മുഖ്യമന്ത്രി പ്രഖ്യാപിക്കണം

- വൈദിക സമ്മേളനം

വയനാടൻ ജനത കടുത്ത വന്യമൃഗ ഭീഷണി നേരിടുന്ന സാഹചര്യത്തിൽ ജില്ലയിൽ സന്ദർശനം നടത്തുന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടി പൗരന്റെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പു വരുത്താനാവശ്യമായ കർമ്മപദ്ധതികൾ പ്രഖ്യാപിക്കണമെന്ന് മാനന്തവാടി രൂപതാ വൈദിക സമ്മേളനം ആവശ്യപ്പെട്ടു. ദ്വാരകയിൽ നടന്ന യോഗത്തിൽ വയനാട്, കണ്ണൂർ, മലപ്പുറം, നീലഗിരി ജില്ലകളിൽ ജോലി ചെയ്യുന്ന ഇരുന്നൂറോളം വൈദികർ സംബന്ധിച്ചു.
വയനാട്ടിലും നീലഗിരി ജില്ലയിലും വർദ്ധിച്ചു വരുന്ന വന്യമൃഗ ശല്യത്തിലും രൂക്ഷമായ കടുവാ ഭീഷണിയിലും ഭീതിയിൽ കഴിയുന്ന ജനങ്ങളോട് സമ്മേളനം ഐക്യ ദാർഢ്യം പ്രഖ്യാപിച്ചു. മനുഷ്യന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകാത്ത പരിസ്ഥിതി സംരക്ഷണത്തോട് സമ്മേളനം പാസ്സാക്കിയ പ്രമേയം വിയോജിപ്പ് പ്രകടിപ്പിച്ചു.
മൃഗങ്ങൾക്കും ജനങ്ങൾക്കും സംരക്ഷണം നല്കത്തക്ക രീതിയിൽ വനാതിർത്തികളിൽ മുഴുവൻ കരിങ്കൽ ഭിത്തികളും കമ്പിവേലികളും സ്ഥാപിച്ച് കാടിനേയും നാടിനേയും സംരക്ഷിക്കാൻ വേണ്ട വ്യക്തമായ പദ്ധതികളാണ് മുഖ്യമന്ത്രിയിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്നത്. നീലഗിരി ജില്ലയിൽ ജനങ്ങൾ നേരിടുന്ന വന്യമൃഗ ഭീഷണിക്കെതിരെ കേരള - തമിഴ്നാട് സർക്കാരുകളുടെ അടിയന്തിര ഇടപെടലുകൾ വേണമെന്നും യോഗം ആവശ്യപ്പെട്ടു.
വന്യമൃഗ ഭീഷണിക്കെതിരെ വയനാട്ടിൽ വളർന്നു വരുന്ന കക്ഷി രാഷ്ട്രീയത്തിനധീതമായ ജനകീയ മുന്നേറ്റങ്ങൾക്ക് വൈദിക സമ്മേളനം പൂർണ്ണ പിന്തുണ പ്രഖ്യാപിച്ചു.
മാനന്തവാടി ബിഷപ് മാർ ജോസ് പൊരുന്നേടം അദ്ധ്യക്ഷം വഹിച്ചു. രൂപതാ പി.ആർ.ഒ. ഡോ. ഫാ. തോമസ് ജോസഫ് തേരകം, കോർപ്പറേറ്റ് മാനേജർ ഫാ. റോബിൻ വടക്കുംചേരി, കത്തീഡ്രൽ വികാരി ഫാ. ജോർജ്ജ് മൈലാടൂർ, കെ.സി.വൈ.എം. ഡയറക്ടർ ഫാ. ലാൽ ജേക്കബ്, കല്ലോടി ഫൊറോന വികാരി ഫാ. ജോർജ്ജ് മാമ്പള്ളി, സി.സി.എസ്.എസ്. ജില്ലാ സെക്രട്ടറി ഫാ. ബാബു മാപ്ലശ്ശേരി, കല്പറ്റ ഫൊറോന വികാരി ഫാ. ജോസ് കൊച്ചറയ്ക്കൽ തുടങ്ങിയവർ സംസാരിച്ചു. വികാരി ജനറൽ മോൺസിഞ്ഞോർ മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതവും രൂപതാ ചാൻസലർ ഫാ. ജോസഫ് പരുവുമ്മേൽ നന്ദിയും

പറഞ്ഞു.



Dr.Fr. Thomas Joseph Therakam
PRO & Spokesman
Diocese of Mananthavady